**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5743** **13-08-2021 - ൽ മറുപടിയ്ക്ക്**

**മാതൃഭാഷാപഠന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ സി കെ ഹരീന്ദ്രൻ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ലോകത്തെമ്പാടുമുള്ള മലയാളികൾക്ക് മാതൃഭാഷാ പഠനത്തിന് അവസരമൊരുക്കാനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ലോകത്തെമ്പാടുമുള്ള മലയാളികൾക്ക് മാതൃഭാഷാ പഠനത്തിന് അവസരമൊരുക്കുന്നതിനായി മലയാളം മിഷൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. വിദേശരാജ്യങ്ങളിൽ വർഷങ്ങളായി കുടിയേറിയിട്ടുള്ളതും അവിടെ ജനിച്ച വളർന്നിട്ടുള്ളവരുമായ പ്രവാസി മലയാളികൾക്കായി അവരുടെ പ്രത്യേക സാഹചര്യങ്ങൾ വിശദമായ പഠനങ്ങൾക്ക് വിധേയമാക്കി തയാറാക്കിയ പാഠ്യപദ്ധതിയാണ് പഠനപ്രവർത്തനങ്ങൾക്കായി ലഭ്യമാക്കിയിട്ടുള്ളത്. പത്ത് വർഷം കൊണ്ട് പൂർത്തിയാകുന്ന നാല് കോഴ്സുകളാണുള്ളത്. നാല് കോഴ്സുകളും പൂർത്തിയാകുന്നതോടെ മലയാളത്തിൽ കേരളത്തിലെ പത്താം തരം തുല്യതയ്ക്ക് യോഗ്യത നേടുന്ന വിധമാണ് പാഠ്യപദ്ധതി തയാറാക്കിയിട്ടുള്ളത്. |
| (ബി) | മലയാളം മിഷൻ പദ്ധതിയനുസരിച്ച് നടത്തുന്ന കോഴ്സുകൾ, അവയുടെ കരിക്കുലം, ബോധന തന്ത്രം, വിദ്യാർത്ഥികളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | സർട്ടിഫിക്കറ്റ് കോഴ്സ് (കണിക്കൊന്ന - 2 വർഷം), ഡിപ്ലോമ കോഴ്സ് (സൂര്യകാന്തി - 2 വർഷം), ഹയർ ഡിപ്ലോമ കോഴ്സ് (ആമ്പൽ - 3 വർഷം), സീനിയർ ഹയർ ഡിപ്ലോമ (നീലക്കുറിഞ്ഞി - 3 വർഷം) എന്നിങ്ങനെ ആകെ 10 വർഷം കൊണ്ട് പൂർത്തിയാകുന്ന പാഠ്യപദ്ധതിയാണ് മിഷൻ തയാറാക്കിയിട്ടുള്ളത്. ശിശു മനഃശാസ്ത്രത്തെ അടിസ്ഥാനമാക്കിയും സാമൂഹ്യ ജ്ഞാന നിർമ്മിതി വാദത്തിന്റെ തത്വങ്ങളിലൂന്നിയുമാണ് ബോധന തന്ത്രം തയാറാക്കിയിട്ടുള്ളത്. ഇന്ത്യയിലും വിദേശരാജ്യങ്ങളിലുമായി നിലവിൽ ആകെ 50,000 ത്തോളം വിദ്യാർഥികൾ പഠനം നടത്തുന്നു. |
| (സി) | സംസ്ഥാനത്തിന് പുറത്ത് ഏതൊക്കെ പ്രദേശങ്ങളിലേക്കും രാജ്യങ്ങളിലേക്കും മിഷൻ | (സി) | ഇന്ത്യയ്ക്കകത്ത് 22 സംസ്ഥാനങ്ങളിലും 40 വിദേശരാജ്യങ്ങളിലുമായി മലയാളം മിഷൻ |

| | | | |
|---|---|---|---|
| | പ്രവർത്തനം വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്; | | പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചിട്ടുണ്ട് (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്). |
| (ഡി) | മാതൃഭാഷ പഠനത്തോടൊപ്പം എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം എന്ന മുദ്രാവാക്യം ലോക മലയാളികളിൽ ഐക്യവും കൂട്ടായ്മയും ഉണ്ടാക്കുന്നതിന് സഹായകമായിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. പ്രവാസി മലയാളികളിലേക്കിറങ്ങിച്ചെന്ന് അവരിൽ ഭാഷാസ്നേഹവും കേരള സംസ്കാരത്തിലുള്ള അഭിമാനവും ഉണർത്താനുള്ള മലയാളം മിഷന്റെയും കേരള സർക്കാരിന്റെയും ശ്രമങ്ങൾ തന്നെ അവരിൽ ആവേശമുളവാക്കുന്നുണ്ട്. ഭാഷയുടെ അടിസ്ഥാനത്തിൽ കൂട്ടായ്മകൾ രൂപപ്പെട്ടുവരുവാനും മലയാളം പഠിക്കുവാനും കേരളത്തെ കൂടുതൽ അറിയുവാനും തങ്ങളുടെ പുതുതലമുറയെ അതിലേക്ക് കൊണ്ടുവരുവാനും പ്രവാസി മലയാളികൾ കാണിക്കുന്ന താല്പര്യം കൂടുതൽ മേഖലകളിലേക്ക് മലയാളം മിഷന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് ഊർജ്ജം പകരുന്നതാണ്. ഓരോ രാജ്യത്തും വിവിധ സംഘടനകളുടെ കൂട്ടായ്മകൾ ഉണ്ടാക്കി അവരെ ഒറ്റ കുടക്കീഴിൽ കൊണ്ടുവരുന്നതിനും മലയാളം മിഷൻ ഒരു നിമിത്തമാകുന്നുവെന്നതും അഭിമാനകരമാണ്. |

സെക്ഷൻ ഓഫീസർ

## ഇന്ത്യക്ക് പുറത്തുള്ള മലയാളം മിഷൻ ചാപ്റ്ററുകൾ

| | |
|---|---|
| 1 | AUSTRALIA CHAPTER |
| 2 | BAHRAIN CHAPTER |
| 3 | BANGLADESH CHAPTER |
| 4 | BELGIUM CHAPTER |
| 5 | BENIN CHAPTER |
| 6 | BRUNEI CHAPTER |
| 7 | CANADA CHAPTER |
| 8 | DENMARK CHAPTER |
| 9 | EGYPT CHAPTER |
| 10 | FINLAND CHAPTER |
| 11 | FRANCE CHAPTER |
| 12 | GERMANY CHAPTER |
| 13 | GHANA CHAPTER |
| 14 | HAITI CHAPTER |
| 15 | HONG KONG CHAPTER |
| 16 | INDONESIA CHAPETER |
| 17 | IRELAND CHAPTER |
| 18 | ITALY CHAPTER |
| 19 | JAPAN CHAPTER |
| 20 | KENYA CHAPTER |
| 21 | KUWAIT CHAPTER |
| 22 | MALAYSIA CHAPTER |
| 23 | NETHERLAND CHAPTER |
| 24 | NORWAY CHAPTER |
| 25 | OMAN CHAPTER |
| 26 | QATAR CHAPTER |
| 27 | SAUDI ARABIA CHAPTER |
| 28 | SINGAPORE CHAPTER |
| 29 | TOGO CHAPTER |
| 30 | U K CHAPTER |
| 31 | Abu Dhabi |
| 32 | Ajman |
| 33 | Fujairah |
| 34 | Sharjah |
| 35 | Dubai |
| 36 | Ras al-Khaimah |
| 37 | Umm al-Quwain |
| 38 | US CHAPTER |
| 39 | Congo |
| 40 | Austria |

## ഇന്ത്യക്ക് അകത്തുള്ള മലയാളം മിഷൻ ചാപ്റ്ററുകൾ

| | |
|---|---|
| 1 | ANDAMAN CHAPTER |
| 2 | ANDHRA PRADESH CHAPTER |
| 3 | ARUNACHAL PRADESH CHAPTER |
| 4 | ASSAM CHAPTER |
| 5 | DELHI CHAPTER |
| 6 | GOA CHAPTER |
| 7 | GUJRATH CHAPTER |
| 8 | JHARKHAND CHAPTER |
| 9 | KARNATAKA CHAPTER |
| 10 | MADHYA PRADESH CHAPTER |
| 11 | MEGHALAYA CHAPTER |
| 12 | MUMBAI CHAPTER |
| 13 | NAGALAND CHAPTER |
| 14 | ODISHA CHAPTER |
| 15 | PUDUCHERRY CHAPTER |
| 16 | PUNE CHAPTER |
| 17 | PUNJAB CHAPTER |
| 18 | TAMILNADU CHAPTER |
| 19 | TELANGANA CHAPTER |
| 20 | UP CHAPTER |
| 21 | WEST BENGAL CHAPTER |
| 22 | Daman |